ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം -ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

---

**ജീവനക്കാര്യം (സി) വിഭാഗം**

**നം.DTETVM/2654/2025-EC4 (EC)** **തിരുവനന്തപുരം, തീയതി : 18-04-2025**

---

വായന :- 1. സർക്കാർ ഉത്തരവ് നം. GO(P) 503/2012/HEDN തീയതി.12/10/2012
2. ഈ കാര്യാലയത്തിലെ 20/8/24 തീയതിയിലെ DTETVM/6518/2024-EC3(EC) നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിലെ 6/3/25 തീയതിയിലെ DTETVM/8432/2024-EG3 (EG) നമ്പർ സർക്കുലർ.

**ഉത്തരവ്**

ഈ വകുപ്പിലെ ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ തസ്തികകളിലേക്ക് ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും 1:1 അനുപാതം സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരൊഴിവാണ് സൂചന ഒന്നിലെ വിശേഷാൽ ചട്ടപ്രകാരം നികത്തപ്പെടേണ്ടത്.

കോഴിക്കോട് കേരള സർക്കാർ പോളിടെക്നിക് കോളേജിലെ ടൂൾ & ഡൈ വിഭാഗം ഡെമോൺസ്ട്രേറ്റർ ശ്രീ നിജീഷ് വി എസ് ന വർക്ക്ഷോപ്പ് ഫോർമാൻ ആയി തസ്തികമാറ്റം ലഭിച്ചത് പ്രകാരമുണ്ടായ ഒഴിവിലേക്ക് വിശേഷാൽ ചട്ടപ്രകാരം തസ്തികമാറ്റ നിയമനത്തിനും, നേരിട്ടുള്ള നിയമനത്തിനും പ്രതിപാദിച്ചിട്ടുള്ള അനുപാതം 1:1 പൂർത്തികരിക്കുന്നതിനായി മേൽ പറഞ്ഞ ജീവനക്കാരൻ നേരിട്ടുള്ള നിയമനം മുഖേന ജോലിയിൽ പ്രവേശിച്ചതാണെങ്കിലും ടി ഒഴിവ് തസ്തിക മാറ്റം മുഖേന നികത്തേണ്ട സാഹചര്യത്തിൽ ടി ഒഴിവിലേക്ക് തസ്തിക മാറ്റ നിയമനത്തിനായി സൂചന 3 പ്രകാരം പ്രസിദ്ധീകരിക്കപ്പെട്ട ട്രേഡ് ഇൻസ്ട്രക്ടർമാരുടെ സംയോജിത മുൻഗണന പട്ടികയിൽ നിന്നും താഴെ പറയുന്ന ഉദ്യോഗസ്ഥനെ 41300-87000/-രൂപ ശമ്പള നിരക്കിൽ , കേരള സ്റ്റേറ്റ് & സുബോർഡിനേറ്റ് സർവീസ് റൂൾസ് ,1958 റൂൾ 28(b) (ii) പ്രകാരം തസ്തിക മാറ്റം വഴി ടൂൾ & ഡൈ എൻജിനിയറിങ് വിഭാഗം ഡെമോൺസ്ട്രേറ്റർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ വിഭാഗം തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | മുൻ ഗണന പട്ടികയിലെ ക്രമ നമ്പർ | പേര്, ഉദ്യോഗപ്പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റപ്പെട്ട സ്ഥാപനം |
|---|---|---|---|
| 1 | 1 | ശ്രീ രതീഷ് വി എസ് (പെൻ:767793) ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II(ട്ടൂൾ & ഡൈ എൻജിനിയറിങ് ), സർക്കാർ പോളിടെക്നിക് കോളേജ്, കുന്നംകുളം, തൃശ്ശൂർ | സർക്കാർ പോളിടെക്നിക് കോളേജ്,കുന്നംകുളം, തൃശ്ശൂർ (തുറന്ന ഒഴിവ്) |

തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ യഥാർത്ഥ സേവനം ടി ഉദ്യോഗസ്ഥൻറെ നിരീക്ഷണ കാലയളവായി പൂർത്തീകരിക്കേണ്ടതാണ്.

* അയോഗ്യനാണെന്ന് കണ്ടെത്തുകയോ ഒഴിവില്ലാത്ത സാഹചര്യമുണ്ടാകുകയോ ചെയ്താൽ തസ്തിക മാറ്റ നിയമനം റദ്ദാക്കപ്പെടുന്നതായിരിക്കും.

* ടി ഉദ്യോഗസ്ഥനെ ബന്ധപ്പെട്ട സ്ഥാപനമേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R

DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപനമേധാവിക്ക്/ബന്ധപ്പെട്ട ജീവനക്കാരന് (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഇബി 2 സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 18-04-2025 22:58:40